# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1280

07.06.2018-ൽ മറുപടിയ്ക്ക്

## തിരുവാങ്കുളം ബൈപാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പിറവം നിയോജക മണ്ഡലത്തിൽ, ചിത്രപ്പുഴ - മാമല (തിരുവാങ്കുളം ബൈപാസ്) റോഡിനായി പൊതു മരാമത്ത് വകുപ്പ് അംഗീകരിച്ച അലൈൻ മെന്റ് പ്രകാരമുളള സ്ഥലത്ത് കൂടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച സാഹചര്യത്തിൽ, ബൈപാസ് നിർമ്മാണ ത്തിനായി എന്ത് നടപടി സ്വീകരിയ്ക്കാ നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാ ക്കാമോ; | (എ) ചിത്രപ്പുഴ - മാമല (തിരുവാങ്കുളം ബൈപാസ്) റോഡിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുളള സ്ഥലത്ത് കൂടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച സാഹചര്യത്തിൽ നിലവിലെ അലൈൻമെന്റിൽ ബൈപ്പാസ് നിർമ്മാണം തുടങ്ങുവാൻ സാധ്യമല്ല. ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് (ഡിസൈൻ) സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ബൈപാസ് നിർമ്മാണത്തിനുളള സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ